# 3. അധികമായാൽ

അധ്യാപകന്റെ പേര് :
വിദ്യാലയത്തിന്റെ പേര് :
ക്ലാസ് :
വിഷയം :
സമയം :

| പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>ചിത്രം TB പേജ് 44 / ICT കാണിക്കുന്നു. ( Resource 1) ചിത്രത്തിൽ എന്തെല്ലാം കാണുന്നു ? രാജാവിന്റെ മുന്നിലുള്ള ഒന്നാമത്തെ കുടയിൽ മാമ്പഴമെത്ര ? രണ്ടാമത്തെ കുടയിലെ മാമ്പഴമെത്ര ? കുട്ടികളുടെ പ്രതികരണം. രണ്ടു കുടയിലും കൂടി ആകെ എത്ര മാമ്പഴം ? എങ്ങനെ കണ്ടെത്തും ? ചർച്ച വ്യക്തിഗതമായി ഉത്തരം കണ്ടെത്തുന്നു. ICT യിൽ പ്രവർത്തനം കാണിക്കുന്നു. (60 മാമ്പഴങ്ങളും 30 മാമ്പഴങ്ങളും ഉള്ള രണ്ട് മാമ്പഴക്കുടകൾ ) ( Resource 2) ഉത്തരം വിലയിരുത്തുന്നു. ടീച്ചർ സ്ഥാനവില ചാർട്ടിൽ സങ്കലനക്രിയാരീതി അവതരിപ്പിക്കുന്നു. ഒരു കുടയിൽ 20 മാമ്പഴവും രണ്ടാമത്തെ കുടയിൽ 50 മാമ്പഴവും ഉണ്ട്. ആകെ എത്ര മാമ്പഴം ?<br>-------------<br>നോട്ട് ബുക്കിൽ പ്രവർത്തനം ചെയ്യുന്നു.<br>ഒന്നാമത്തെ കുടെയിലെ മാമ്പഴം. ----------------<br>രണ്ടാമത്തെ കുടെയിലെമാമ്പഴം .-----------------<br>ആകെ മാമ്പഴം .----------------------<br>വ്യക്തിഗതമായി ഉത്തരം കണ്ടെത്തുന്നു . കുട്ടികൾ ചെയ്ത ക്രിയാരീതികൾ അവതരിപ്പിക്കുന്നു.വിലയിരുത്തുന്നു.<br>**പ്രവർത്തന ഘട്ടം 2**<br>മാമ്പഴം എത്ര ? രണ്ടു കുടയിൽ നിന്നും രാജാവ് കുറേ മാമ്പഴങ്ങൾ കഴിച്ചു. എത്ര മാമ്പഴം കഴിച്ചു ? കുട്ടികൾ വിവരണ ഭാഗം വായിക്കുന്നു.( TB പേജ് 45 )<br>ഒന്നാമത്തെ കുടയിൽ ബാക്കിയുള്ള മാമ്പഴം .--------------<br>രണ്ടാമത്തെ കുടയിൽ ബാക്കിയുള്ള മാമ്പഴം.--------------- കുട്ടികൾ പ്രതികരിക്കുന്നു. രണ്ടു കുടയിൽ നിന്നും രാജാവ് കഴിച്ച ആകെ മാമ്പഴം എത്ര ? എങ്ങനെ കണ്ടെത്തും ?ചർച്ച ടിച്ചർ ചാർട്ട് ICT കാണിക്കുന്നു. ( Resource 3) എല്ലാ സങ്കലനക്രിയാ രീതികളും Tr. Chart/BB യിൽ ക്രോഡീകരിക്കുന്നു.<br>കുട്ടികൾ TB/NB യിൽ എഴുതുന്നു.<br>**പ്രവർത്തന ഘട്ടം 3**<br>മധുര പലഹാരം | |

| | |
|---|---|
| ടീച്ചർ പ്രശ്നം ( TB പേജ് 46 ) അവതരിപ്പിക്കുന്നു. വിവരണ ഭാഗം വ്യക്തിഗതമായി വായിക്കുന്നു . ടീച്ചർ അപഗ്രഥന ചോദ്യങ്ങൾ ചോദിക്കുന്നു. ചിത്രത്തിൽ എത്ര പാത്രങ്ങളുണ്ട് ? ഓരോ പാത്രത്തിലും എത്ര ലഡു വീതമാണുള്ളത് ? രാവിലെ എത്ര പാത്രങ്ങളിൽ നിന്നും കഴിച്ചു ? മനസ്സിലായ കാര്യങ്ങൾ കുട്ടികൾ അവതരിപ്പിക്കുന്നു. രാവിലെ ആകെ എത്ര ലഡു കഴിച്ചു ? എങ്ങനെ കണ്ടെത്തും ? പ്രശ്നപരിഹരണവഴികൾ ചർച്ച ചെയ്യുന്നു. നിർധാരണം നടത്തി വ്യത്യസ്ത രീതികൾ അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു<br><br>**അനുരൂപീകരണം**<br>പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പേപ്പർ പ്ലേറ്റിൽ മഞ്ചാടികൾ നൽകി ഇതേ പ്രശ്നം അവതരിപ്പിക്കുന്നു. കുട്ടികൾ എണ്ണി നോക്കി ഉത്തരം കണ്ടെത്തുന്നു.<br><br>ഘട്ടം 4 -  TB page 54 ലെ കൂട്ടിച്ചേർക്കാം എന്ന പ്രവർത്തനം ഇതുമായിബന്ധപ്പെടുത്തി ചെയ്യാവുന്നതാണ്. ICT/ worksheet ( Resource 5)<br><br>ഘട്ടം 1<br>**ലഡു എത്ര ?**<br>ടീച്ചർ പ്രശ്നം അവതരിപ്പിക്കുന്നു. (TB പേജ് 46 ) രണ്ടാമത്തേതിൽ എത്രയുണ്ടെന്ന് എങ്ങനെ കാണും ? ചർച്ച. വ്യക്തിഗതമായി ചെയ്യുന്നു. 55 ൽ നിന്ന് 15 കുറയ്ക്കുന്നതിനുള്ള വഴികൾ ചർച്ച ചെയ്യുന്നു. കമ്പുകെട്ടുകൾ / സ്ലോകൾ ഉപയോഗിച്ച് 55 ൽ നിന്നും 15 കുറയ്ക്കുന്നത് അവതരിപ്പിക്കുന്നു. കുട്ടികൾ നിർധാരണം ചെയ്ത ക്രിയകൾ അവതരിപ്പിക്കുന്നു. തുടർന്ന് 55 നെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. ( Resource 1) 35 നെ വ്യാഖ്യാനിക്കാൻ നൽകുന്നു. ( Resource 2)<br>ഘട്ടം 2<br>**വാഴപഴം** (T B Page 47 )<br>രാജാവിന് പ്രജകൾ എന്തൊക്കെയാണ് കാഴ്ചവയ്ക്കാറുള്ളത് ? പ്രജകളായ രാമുവും, കേശുവും രാജാവിന് എന്താണ് കാഴ്ച വച്ചത് ? കുട്ടികൾ പ്രതികരിക്കുന്നു. ഒരു പടലയിൽ എത്ര പഴം വീതം ?<br>ഓരോരുത്തരും എത്ര വാഴപ്പഴങ്ങൾ കൊണ്ടുവന്നു ?<br>വ്യക്തിഗതമായി കണ്ടെത്തുന്നു. T B യിൽ എഴുതുന്നു. അവതരണം നടത്തുന്നു.<br>ആരാണ് കൂടുതൽ പഴങ്ങൾ കൊണ്ടുവന്നത് ?<br>എത്ര കൂടുതൽ ? എങ്ങനെ കണ്ടെത്തും ?ചർച്ച<br>ചിത്രം അപഗ്രഥിക്കുന്നതിനുള്ള ചോദ്യങ്ങൾ ടീച്ചർ ചോദിക്കുന്നു. പടലയായുള്ള പഴങ്ങൾ കൂടുതൽ കൊണ്ടുവന്നതാര് ?<br>എത്ര കൂടുതൽ ? | |

| | |
|---|---|
| കുട്ടികൾ എണ്ണിനോക്കി പ്രതികരിക്കുന്നു. ഇതുപോലെ ഓരോന്നായുള്ള പഴങ്ങളിൽ കൂടുതൽ കൊണ്ടുവന്നത് ആര് ? എത്ര കൂടുതൽ ?<br>എണ്ണിനോക്കി പ്രതികരിക്കുന്നു. വ്യത്യാസം കാണണം എന്ന് ടീച്ചർ ക്രോഡീകരിക്കുന്നു. ടീച്ചർ ചാർട്ടിൽ /BB യിൽ എഴുതി അവതരിപ്പിക്കുന്നു.<br>**അനുരൂപീകരണം**<br>സ്റ്റോ/കല്ലുകൾ ഉപയോഗിച്ച് ഇതേ പ്രവർത്തനം ക്ലാസ് മുറിയിൽ ചെയ്യുന്നു. പിന്നാക്കം നിൽക്കുന്ന കുട്ടികൾ എണ്ണി ഉത്തരം കണ്ടെത്തുന്നു. രാജാവ് കേശു കൊണ്ടുവന്നതിൽ നിന്ന് 43 പഴം കഴിച്ചു. കേശു കൊണ്ടുവന്നതിൽ ബാക്കി പഴങ്ങൾ എത്ര ? പ്രശ്നം അവതരിപ്പിക്കുന്നു. കേശു കൊണ്ടുവന്നത്. -------------<br>രാജാവ് കഴിച്ചത് .-------------<br>ബാക്കി ---------------<br>**ക്രോഡീകരണം**<br>കൊണ്ടുവന്നതിൽ നിന്ന് കഴിച്ചത് കുറയ്ക്കണം. നിർദ്ധാരണ രീതി ചർച്ച ചെയ്യുന്നു.<br>ഒരു രണ്ടക്ക സംഖ്യ യിൽനിന്ന് രണ്ടക്ക സംഖ്യ കുറയ്ക്കുന്നതിനുള്ള ക്രിയാ രീതി ടീച്ചർ അവതരിപ്പിക്കുന്നു. (പുനക്രമീകരണം വരാത്തത് ) (TB Page 48 ) ഐ സി ടി സാധ്യത (അബാക്കസിൽ കുറയ്ക്കുന്നു ) ( Resource 3)<br>രാമു കൊണ്ടുവന്ന പഴങ്ങളിൽ ബാക്കി എത്ര ?<br>കുട്ടികൾ വ്യക്തമായി സ്ഥാനവില ചാർട്ടിൽ എഴുതുന്നു.<br>കണ്ടെത്തിയ രീതി അവതരിപ്പിക്കുന്നു. ടീച്ചർ ചാർട്ടിൽ /BB യിൽ എഴുതുന്നു .<br>അധികപ്രവർത്തനങ്ങൾ ടീച്ചർ നൽകുന്നു.<br><br>ഘട്ടം 1<br>TB പേജ് 49 ലെ കുട്ടിഎഴുതാം എന്ന പ്രവർത്തനം നൽകുന്നു/ ICT കാണിക്കുന്നു. ( Resource 1) വ്യക്തിപരമായി ചെയ്യുന്നു. അവതരിപ്പിക്കുന്നു. ടീച്ചർ വിലയിരുത്തുന്നു. തുടർപ്രവർത്തനങ്ങൾ നൽകുന്നു. ഐ സി ടി സാധ്യത (സംഖ്യാ ചങ്ങല ) ( Resource 2)<br>ഘട്ടം 2<br>TB പേജ് 49 ലെ വരച്ച് ചേർക്കാം എന്ന് പ്രവർത്തനം വ്യക്തിഗതമായി ചെയ്യുന്നു. അവതരണം നടത്തുന്നു. സ്വയം /പരസ്പരം വിലയിരുത്തുന്നു. ഇത്തരത്തിലുള്ള സംഖ്യാ ചക്രങ്ങൾ കുട്ടികൾ സ്വയം നിർമിക്കുന്നു. ഐ സി ടി സാധ്യത (സംഖ്യാ ചക്രം ) ( Resource 3)<br>ഘട്ടം 3<br>**ശുചിത്വ ക്ലബ്**<br>സ്കൂളിലെ ശുചിത്വ ക്ലബ്ബിനെക്കുറിച്ചുള്ള ചർച്ചയിലൂടെ പ്രശ്നം അവതരിപ്പിക്കുന്നു. ഈ ക്ലാസിലെ എത്ര കുട്ടികൾ ശുചിത്വ ക്ലബ്ബിൽ അംഗങ്ങളാണ് ? | |

| | |
|---|---|
| അംഗങ്ങളായ ആൺകുട്ടികളെത്ര ?<br>പെൺകുട്ടികളെത്ര ?<br>TB പേജ് 51 ലെ പ്രശ്നം വ്യക്തിഗതമായി വായിക്കുന്നു. നിർദ്ധാരണം ചെയ്യുന്നു.<br>വ്യക്തിഗത അവതരണം. വിലയിരുത്തൽ.<br>ആകെ കാണാൻ തുക കാണണം.( സങ്കലന ക്രിയാരീതി ) എന്ന് ടീച്ചർ ക്രോഡീകരിക്കുന്നു. TB പേജ് 52 ലെ പ്രശ്നം വ്യക്തിഗതമായി വായിക്കുന്നു. ക്രിയാരീതി എങ്ങനെയെന്ന് ചർച്ചചെയ്യുന്നു. നിർദ്ധാരണം ചെയ്യുന്നു. അവതരിപ്പിക്കുന്നു. വ്യത്യാസം, ബാക്കി, അധികമുള്ളത്, കുറവുള്ളത്, എന്നിവ കാണാൻ കുറയ്ക്കണം.( വ്യവകലനക്രിയാരീതി ) എന്ന് ടീച്ചർ ക്രോഡീകരിക്കുന്നു.<br>ഘട്ടം 4<br>**കടയിലേക്ക്**<br>ക്ലാസ് മുറി ശുചീകരണത്തിന് നമ്മൾ ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഏതൊക്കെയാണ് ?<br>TB പേജ് 52 ലെ പ്രശ്നം വ്യക്തിഗതമായി വായിക്കുന്നു .<br>അശ്വിൻ കടയിൽ എത്ര രൂപ കൊടുത്തു ?<br>ശുചീകരണ ഉപകരണങ്ങൾ വാങ്ങാൻ എത്ര രൂപയായി ?<br>കുട്ടികൾ പ്രതികരിക്കുന്നു. വ്യക്തിഗതമായി നിർദ്ധാരണം ചെയ്യുന്നു. 73 നോട് എത്ര കൂട്ടിയാൽ 80 കിട്ടും ?<br>കുട്ടികൾ കണ്ടെത്തിയ ഉത്തരം അവതരിപ്പിക്കുന്നു. വിലയിരുത്തുന്നു.<br>**അനുരൂപീകരണം**<br>മുത്തുകൾ ,കളിനോട്ടുകൾ, കമ്പുകെട്ട് എന്നിവ ഉപയോഗിച്ച് പ്രയാസം നേരിടുന്ന കുട്ടികൾക്ക് പ്രശ്നപരിഹരണത്തിന് അവസരം നല്കുന്നു. ടീച്ചർ BB/ചാർട്ടിൽ ക്രോഡീകരിക്കുന്നു.<br>ഘട്ടം 5<br>**കളങ്ങൾ പൂരിപ്പിക്കൂ.**<br>TB പേജ് 52 ലെ പ്രവർത്തനം വ്യക്തിഗതമായി ചെയ്യുന്നു. ടീച്ചർ ചാർട്ടിൽ അധിക പ്രവർത്തനങ്ങൾ നൽകുന്നു. സംഖ്യാപടിപൂർത്തിയാക്കാം. ( Resource 4 )<br>ഘട്ടം 6<br>**സംഖ്യാമാല പൂർത്തിയാക്കാം**<br>വ്യവകലന ക്രിയ ചെയ്യാനുള്ള ഈ പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി വായിച്ച് ക്രിയ ചെയ്യുന്നു. അവതരിപ്പിക്കുന്നു. ടീച്ചർ അധിക പ്രവർത്തനങ്ങൾ നൽകുന്നു.<br>ഘട്ടം 1<br>**പോഷകാഹാരം** | |

| | |
|---|---|
| പ്രായോഗിക പ്രശ്നപരിഹരണത്തിന് ആമുഖമായി ടീച്ചർ ചില ചോദ്യങ്ങൾ ചോദിക്കുന്നു. നമ്മുടെ സ്കൂളിൽ നിന്ന് എന്തൊക്കെ ആഹാരം ലഭിക്കുന്നുണ്ട് ?<br>മുട്ട കഴിക്കുന്നവർ എത്ര പേര് ?<br>പാൽ കുടിക്കുന്നവർ ആരെല്ലാം ?<br>പോഷകാഹാരം ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് എന്തിനുവേണ്ടി ? തുടങ്ങിയ ചർച്ചയിലൂടെ പ്രശ്നത്തിലേക്ക് കടക്കുന്നു. TB പേജ് 50 പട്ടിക ടീച്ചർ ചാർട്ട്/ ICT നൽകുന്നു. (Resource 1)<br>കുട്ടികൾ നിരീക്ഷിക്കുന്നു. അപഗ്രഥന ചോദ്യങ്ങൾ ചോദിക്കുന്നു.<br>അശ്വിന്റെ സ്കൂളിൽ എന്തൊക്കെ പോഷകാഹാരങ്ങൾ നൽകാറുണ്ട് ?<br>ഒന്നാമത്തെ പട്ടിക വിശകലനം ചെയ്യുന്നു. പട്ടികയിൽ എത്ര കളങ്ങൾ ഉണ്ട് ?<br>ഓരോ കളത്തിലും എന്ത് വിവരമാണ് നൽകിയിരിക്കുന്നത് ? പട്ടികയിൽ നിന്നും എന്തെല്ലാം വിവരമാണ് നമുക്കു ലഭിച്ചത് ? പട്ടിക പരിശോധിച്ച് കുട്ടികൾ പ്രതികരിക്കുന്നു. TB യിലെ ഓരോ പ്രശ്നവും ക്രമമായി അവതരിപ്പിക്കുന്നു. കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു . ഏറ്റവും കൂടുതൽ, കുറവുകൾ താരതമ്യം ചെയ്ത് കുട്ടികൾ കണ്ടെത്തുന്നു.<br>എത്ര കൂടുതൽ ?എങ്ങനെ കണ്ടെത്തും ?<br>വ്യത്യാസം കാണണം എന്ന് ടീച്ചർ ക്രോഡീകരിക്കുന്നു.<br>ഘട്ടം 2<br>**പട്ടിക പൂർത്തിയാക്കുക**<br>TB പേജ് 50 പട്ടിക, ചാർട്ട്/ ICT കാണിക്കുന്നു. (Resource 2) ആദ്യപട്ടിക വിശകലനം ചെയ്തതുപോലെ രണ്ടാമത്തെ പട്ടികയും വിശകലനം ചെയ്യുന്നു. പട്ടിക ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. നിർധാരണം ചെയ്യുന്നു. സ്വയം /പരസ്പരം വിലയിരുത്തുന്നു. മെച്ചപ്പെടുത്തുന്നു. ഓരോ ഗ്രൂപ്പും അവതരണം നടത്തുന്നു. ടീച്ചർ ചാർട്ടിൽ തയ്യാറാക്കിയ പട്ടിക പൂർത്തിയാക്കുന്നു.<br>അനുരൂപീകരണം : പിന്നാക്കം നിൽക്കുന്നവർക്കായി മുത്തുകൾ, ഐസ്ക്രീം സ്റ്റിക്, പൂവുകൾ ഇവ നൽകി പട്ടിക പൂർത്തിയാക്കാനുള്ള പ്രവർത്തനം ചെയ്യാം.<br>ഘട്ടം 3<br>**കണക്കെടുപ്പ്**<br>ശുചിത്വവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് സ്കൂളിൽ നമ്മൾ ചെയ്യാറുള്ളത് ?<br>കുട്ടികൾ പ്രതികരിക്കുന്നു.<br>ശുചിത്വവുമായി ബന്ധപ്പെട്ട് അശ്വിന്റെ സ്കൂളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ചെയ്തത് ? TB പേജ് 51 ലെ കണക്കെടുപ്പ് വ്യക്തിഗതമായി വായിക്കുന്നു. ഉത്തരം കണ്ടെത്താനുള്ള വഴി അവതരിപ്പിക്കുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. | |

ആകെ സന്ദർശിച്ച വീടുകൾ എത്ര ?

കിണർ ഉള്ള വീടുകൾ എത്ര ?

കിണർ ഇല്ലാത്ത വീടുകളുടെ എണ്ണം എങ്ങനെ കണ്ടെത്തും ? ചർച്ച.

ആകെ വീടുകളിൽനിന്ന് കിണറുള്ള വീടുകളുടെ എണ്ണം കുറക്കണമെന്ന് ക്രോഡീകരിക്കുന്നു. എല്ലാവരും ക്രിയ ചെയ്യുന്നു. ക്രിയാ രീതി അവതരിപ്പിക്കുന്നു. തുടർന്ന് സങ്കലന, വ്യവകലന ക്രിയകൾ ഉപയോഗപ്പെടുത്തി പട്ടിക പൂർത്തിയാക്കുന്നു.കുട്ടികൾ വ്യക്തിഗതമായി പട്ടിക പൂർത്തിയാക്കുന്നു. പ്രയാസം നേരിടുന്നവരെ വിശകലന ചോദ്യങ്ങളിലൂടെ ടീച്ചർ സഹായിക്കുന്നു. പട്ടിക അവതരണം നടത്തുന്നു. വിലയിരുത്തുന്നു. ടീച്ചർ അധിക പ്രവർത്തനങ്ങൾ നൽകുന്നു. worksheet (Resource 3)

ഘട്ടം 1

**ചൂലുണ്ടാക്കാം**

നമുക്ക് ക്ലാസ് വൃത്തിയാക്കാൻ ഒരു ചൂൽ ഉണ്ടാക്കിയാലോ ?

എത്ര ഈർക്കിൽ വേണം ചൂലുണ്ടാക്കുന്നതിന് ?

ഓരോരുത്തരും എത്ര ഈർക്കിൽ വീതം കൊണ്ടുവരും ?

കുട്ടികൾ പ്രതികരിക്കുന്നു. ചൂലുണ്ടാക്കാൻ അശ്വിന്റെ സ്കൂളിലെ കുട്ടികൾ എന്തു ചെയ്തു ? TB പേജ് 53 വായിക്കുന്നു. ഒരു ചൂലുണ്ടാക്കാൻ എത്ര ഈർക്കിൽ വേണം ?

കുട്ടികൾ പ്രതികരിക്കുന്നു.

ഓരോരുത്തരും കൊണ്ടുവന്ന ഈർക്കിലിന്റെ എണ്ണമെഴുതി പട്ടിക പൂർത്തിയാക്കുന്നു. കുട്ടികൾ അവതരിപ്പിക്കുന്നു. ടീച്ചർ ചാർട്ടിൽ ക്രോഡീകരിക്കുന്നു. തുടർന്ന് ടീച്ചറിന്റെ ചില അപഗ്രഥന ചോദ്യങ്ങളിലൂടെ TB പേജ് 54 ലെ പ്രവർത്തനം ചെയ്യിക്കുന്നു. 10 ന്റെ പത്ത് കെട്ടുകൾ ചേർന്നാൽ 100 ആകും. എന്ന് ടീച്ചർ ക്രോഡീകരിക്കുന്നു.

ഘട്ടം 2

**100 പലവിധം**

100 ന്റെ വ്യത്യസ്ത വ്യാഖ്യാനം കണ്ടെത്താനുള്ള ഈ പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. കണ്ടെത്തി എഴുതുന്നു. ഗ്രൂപ്പിൽ ചർച്ച. ഗ്രൂപ്പ് അവതരണം. ഗ്രൂപ്പുകൾ പരസ്പരം വിലയിരുത്തുന്നു. ടീച്ചർ തയ്യാറാക്കിയ ചാർട്ടിൽ ക്രോഡീകരിക്കുന്നു.

**അക്കങ്ങൾ കൊണ്ടുള്ള കളി .**

1 മുതൽ 5 വരെയുള്ള അക്കങ്ങളിൽ അടുത്തടുത്തുള്ള അക്കങ്ങൾ ഉപയോഗിച്ച് രണ്ടക്ക സംഖ്യകൾ രൂപീകരിക്കാനും അവയുടെ പരസ്പര ബന്ധവും പ്രത്യേകതകളും കണ്ടെത്തുവാനും ഉദ്ദേശിച്ചുള്ള ഈ പ്രവർത്തനത്തിൽ ആദ്യം കുട്ടികളെ 4 പേരുള്ള ഗ്രൂപ്പാക്കുന്നു. ഓരോ ഗ്രൂപ്പും 1 മുതൽ 5 വരെയുള്ള സംഖ്യ

| | |
|---|---|
| കാർഡ് ഉണ്ടാക്കുന്നു. TB യിൽ പറഞ്ഞപ്രകാരം അടുത്തടുത്തുള്ള രണ്ട് അക്കങ്ങൾ ചേർത്തുവച്ച് രണ്ടക്ക സംഖ്യകൾ രൂപീകരിക്കുന്നു. ചെറിയ സംഖ്യയും വലിയ സംഖ്യയും കണ്ടെത്തുന്നു. ചെറിയ സംഖ്യയെക്കാൾ എത്ര കൂടുതലാണ് വലിയ സംഖ്യ എന്ന് കണ്ടെത്തുന്നു. TB പേജ് 55 ലെ പട്ടികയിൽ എഴുതുന്നു/ ICT കാണിക്കുന്നു. (Resource 1) പൂരിപ്പിച്ച പട്ടിക ഗ്രൂപ്പിൽ പരസ്പരം വിലയിരുത്തുന്നു. ടീച്ചർ വിലയിരുത്തുന്നു. കുറച്ച ശേഷം കിട്ടിയ സംഖ്യകളുടെ പ്രത്യേകതകൾ എന്താണെന്ന് ടീച്ചർ ചോദിക്കുന്നു. കുട്ടികൾ കണ്ടെത്തി എഴുതി അവതരിപ്പിക്കുന്നു. ടീച്ചർ BB യിൽ ക്രോഡീകരിക്കുന്നു.<br>ഘട്ടം 2<br>**കാർഡ്കളി**<br>രണ്ടക്ക സംഖ്യ രൂപീകരിക്കാനുള്ള പ്രവർത്തനം. 1, 2, 3 എന്നീ അക്കങ്ങൾ ഉപയോഗിച്ച് രൂപീകരിക്കാവുന്ന എല്ലാ രണ്ടക്ക സംഖ്യകളും കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു. സംഖ്യയിലെ അക്കങ്ങൾ ആവർത്തിക്കരുത്. ആദ്യം 10 ൽ തുടങ്ങുന്നത്, പിന്നെ 20 ൽ തുടങ്ങുന്നത്, പിന്നെ 30 ൽ തുടങ്ങുന്നത് എന്നിങ്ങനെ എഴുതണം. കുട്ടികൾ വിലയിരുത്തുന്ന ഏറ്റവും ചെറിയ സംഖ്യയും ഏറ്റവും വലിയ സംഖ്യയും എഴുതുന്നു. അധികപ്രവർത്തനം - സംഖ്യാകാർഡുകൾ (Resource 2)<br>ഘട്ടം 3<br>**ക്രമത്തിലാക്കാം**<br>രണ്ടക്ക സംഖ്യകളെ ആരോഹണക്രമത്തിലെഴുതാനുള്ള പ്രവർത്തനം. വ്യക്തിഗതമായി ചെയ്യുന്നു. അവതരിപ്പിക്കുന്നു. വിലയിരുത്തുന്നു. ടീച്ചർ BB യിൽ ക്രോഡീകരിക്കുന്നു. തുടർപ്രവർത്തനമായി സംഖ്യാ കാർഡുകൾ ഉപയോഗിച്ച് രണ്ടക്ക സംഖ്യകൾ രൂപീകരിക്കുകയും സംഖ്യകളെ വലുപ്പത്തിനനുസരിച്ച് ക്രമത്തിലാക്കാനും പ്രവർത്തനങ്ങൾ നൽകാം. | |

അധ്യാപകന്റെ ഒപ്പ്